LIBRARY ARCHIVES Kerala Legislative Assembly

ഒഴിവുകൾ നികത്തുവാൻ നടപടി

17 [17] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പി. എസ്. സി. മുഖേന എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(ബി) ഈ കാലയളവിൽ എത്ര തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(സി) സർക്കാർ, അർദ്ധസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലായി എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ഡി) 2002 ജനുവരി 16-ലെ സർക്കാർ ഉത്തരവുപ്രകാരം സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനങ്ങൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഈ നിരോധനം ഇപ്പോൾ പിൻവലിച്ചിട്ടുണ്ടോ;

(ഇ) ഇതുസംബന്ധിച്ച് സർക്കാർ എന്തെങ്കിലും ഉത്തരവ് വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(എഫ്) സർക്കാർ അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിലവിലുള്ള ഒഴിവുകൾ പൂർണ്ണമായി നികത്തുവാനും വെട്ടിക്കുറച്ച തസ്തികകൾ പുനസ്ഥാപിക്കുവാനും നടപടി സ്വീകരിക്കുമോ;

(ജി) ഏതെല്ലാം അർദ്ധസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളാണ് പി. എസ്. സി. ക്ക് വിടാൻ തീരുമാനമെടുത്തിരുന്നത്; അതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(എച്ച്) 16-5-2001 മുതൽ 2004 ഡിസംബർ 31 വരെ വിവിധ വകുപ്പുകളിലായി എത്രപേരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്; വകുപ്പ് തിരിച്ച് വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ—എച്ച്) വിവരം ശേഖരിച്ചുവരുന്നു.

പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ

18 [18] ശ്രീമതി രാധാരാഘവൻ:
ശ്രീ. വി. ജെ. പൗലോസ്:
,, എം. മുരളി:
,, കെ. അച്ചുതൻ;
,, ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ: